സ്ഥാപനത്തിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. അപേക്ഷകൾ ഓൺലൈനായാണ് സ്വീകരിക്കാൻ തീരുമാനമായത്. കോർപ്പറേഷന്റെയും പ്രൊഡക്ടിവിറ്റി കൗൺസിലിന്റെയും വെബ്സൈറ്റുകൾ തമ്മിൽ ലിങ്ക് ചെയ്താണ് അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നത്. അതിനായുള്ള ട്രയൽ റൺ നടത്തുന്നതിനായി പരസ്യം വെബ്സൈറ്റിൽ അപ്ലോഡ് ചെയ്ത് ട്രയൽ നടത്തിവരികയായിരുന്നു. ഇത് വെബ്സൈറ്റിൽകണ്ട് ഉദ്യോഗാർത്ഥികൾ അന്വേഷിക്കാൻ തുടങ്ങുകയും ഓൺലൈൻ അപേക്ഷകൾക്കുള്ള തയ്യാറെടുപ്പ് പൂർത്തീകരിക്കാൻ സാധിക്കാതെവന്നതിനാലുമാണ് കോർപ്പറേഷന്റെ വെബ്സൈറ്റിന്റെ ഹോം പേജിൽനിന്ന് പരസ്യം മാറ്റിയത്. പക്ഷേ ആ സമയത്തും മുൻപുണ്ടായിരുന്ന ലിങ്ക് വെബ്സൈറ്റിൽ ഉണ്ടായിരുന്നു. കോർപ്പറേഷൻ തൊഴിൽ വീഥിയിൽ ഈ ഒഴിവുകൾക്കായി പരസ്യം നൽകിയിട്ടില്ല. പിന്നീട് ഇതേ ഒഴിവുകൾ 2011 ജനുവരി 5-ലെയും 2011 ജനുവരി 6-ലെയും പ്രമുഖ പത്രങ്ങളിൽ പരസ്യപ്പെടുത്തുകയും ഓൺലൈൻ അപേക്ഷകൾ തയ്യാറായപ്പോൾ വെബ്സൈറ്റിൽ ഹോം പേജിൽ കാണിക്കുകയും ചെയ്തിരുന്നു.

(ii) ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്

മലയാള മനോരമ തൊഴിൽവീഥിയിൽ കമ്പനി വിജ്ഞാപനം നൽകിയിട്ടില്ല. കമ്പനിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ട്രാക്കോ കേബിൾ കമ്പനിക്കുവേണ്ടി നിയമന നടപടികൾ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി ആദ്യം സജീവമാക്കാതെ പരീക്ഷണാടിസ്ഥാനത്തിലും പിന്നീട് സർക്കാർ ഉത്തരവിന് അനുസൃതം സജീവമായും വിജ്ഞാപനം ചെയ്ത് അപ്രത്യക്ഷമായതായി അറിവില്ല. സജീവമാക്കപ്പെട്ട വിജ്ഞാപനപ്രകാരം അപേക്ഷ നൽകേണ്ടതിന്റെ അവസാന ദിവസം 2011 ജനുവരി 15-ാം തീയതി ആയിരുന്നു.

(ബി) (i) കോർപ്പറേഷന്റെ യൂണിറ്റുകളിൽ 768 ഒഴിവുകളുണ്ട്.

(ii) കമ്പനിയുടെ പുതിയ യൂണിറ്റിൽ 119 ഒഴിവുകൾ നിലവിലുണ്ട്.

(സി) (i) ഈ ഒഴിവുകളിലേക്ക് 90,586 അപേക്ഷകൾ ഓൺലൈനായി പ്രൊഡക്ടിവിറ്റി കൗൺസിലിൽ കിട്ടിയിട്ടുണ്ട്.

(ii) ഈ ഒഴിവുകളിലേക്ക് 19,812 അപേക്ഷകൾ ഓൺലൈനായി പ്രൊഡക്ടിവിറ്റി കൗൺസിലിൽ കിട്ടിയിട്ടുണ്ട്.

(ഡി) (i) വ്യവസായ വകുപ്പുമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ കൂടിയ ഉന്നത ഉദ്യോഗസ്ഥൻമാരടങ്ങുന്ന സമിതിയുടെ തീരുമാനം ക്യാബിനറ്റ് അപ്രൂവലോടെയാണ് പുതിയ എട്ട് ഫാക്ടറികളുടെയും ഫാക്ടറികളുടെ നവീകരണത്തിനും വികസനത്തിനുമായുള്ള പ്രവർത്തനങ്ങൾക്കായി പുതിയ തസ്തികകൾ സൃഷ്ടിച്ചത്. പ്രസ്തുത തസ്തികകൾക്ക് 2011 ജനുവരി 24-ലെ ഉത്തരവുപ്രകാരം സർക്കാർ അംഗീകാരവും നൽകിയിട്ടുണ്ട്. ഒഴിവുകൾ ഉള്ളത് താഴെപ്പറയുന്ന തസ്തികകളിലാണ് :

ജനറൽ മാനേജർ

മാനേജർ

ഡെപ്യൂട്ടി മാനേജർ

LIBRARY ARCHIVES Kerala Legislative Assembly